## പ്രസിദ്ധീകരണത്തിന്

കേരളത്തിലെ ജനസംഖ്യയിൽ ഉൾപ്പെട്ട എല്ലാ സമുദായങ്ങളുടെയും സമഗ്ര സാമൂഹിക-സാമ്പത്തിക-സാമുദായികസർവേ നടത്തണമെന്ന ജസ്റ്റീസ് രാമകൃഷ്ണ പിള്ളകമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശം സർക്കാരിന്റെ മുന്നിൽ നിലനില്ക്കുമ്പോഴാണ് സാമ്പിൾ സർവേക്ക് സാമ്പത്തികഅനുമതി ചോദിച്ചമാത്രയിൽ സർക്കാർ അത് അനുവദിച്ചത്. സാമ്പിൾ സർവേയിലൂടെ സംസ്ഥാനത്തെ മുന്നാക്കവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പൂർണ്ണമായും പുറത്തുകൊണ്ടുവരാൻ കഴിയില്ല എന്നും, ഇത് ഭരണഘടന അനുശാസിക്കുന്ന മുന്നാക്കവിഭാഗങ്ങൾക്കുള്ള സംവരണത്തെ സാരമായി ബാധിക്കുമെന്നും ഉള്ളതുകൊണ്ടാണ് എൻ.എസ്.എസ്. സാമ്പിൾ സർവേയെ ഹൈക്കോടതിയിൽ ചോദ്യം ചെയ്തത്.

സാമ്പിൾ സർവേ സമഗ്രസർവേക്ക് പകരമാവില്ലെന്ന് ഹൈക്കോടതി അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും സ്റ്റാറ്റ്യൂട്ടറി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സമഗ്ര സർവേ സംബന്ധിച്ച് തീരുമാനം എടുക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിക്കുകയുമുണ്ടായി. സർക്കാരിന് മറ്റു പോംവഴികൾ ഇല്ലാത്തതുകൊണ്ട്, കോവിഡാനന്തര സാമ്പത്തികഞെരുക്കം ഉള്ളതിനാൽ തല്ക്കാലം സമഗ്രസർവേ നടത്താൻ കഴിയില്ല എന്ന് കോടതിയിൽ ബോധിപ്പിച്ചിരിക്കുകയാണ്.

സാമ്പിൾ സർവേക്ക് സാമ്പത്തികഅനുമതി നല്കിയ സർക്കാരിന് സമഗ്ര സർവേ നടത്താൻ സാമ്പത്തികഞെരുക്കമാണ് എന്നു പറയുന്നത് വിരോധാഭാസമാണ്. സാമ്പിൾ സർവേ നടത്തി സമഗ്രസർവേക്കുള്ള നിർദ്ദേശം അട്ടിമറിക്കുകയായിരുന്നു സർക്കാരിന്റെ ഗൂഢമായ ഉദ്ദേശ്യം. എന്നാൽ ഹൈക്കോടതിയുടെ ഇടപെടൽമൂലം അത് നടപ്പായില്ല.

സാമ്പിൾ സർവേ സമഗ്രസർവേക്ക് പകരമാവില്ല എന്നുള്ള പ്രഖ്യാപനം രേഖപ്പെടുത്തി, സർക്കാർതീരുമാനത്തെ ചോദ്യം ചെയ്യാനുള്ള എൻ.എസ്.എസ്സിന്റെ അവകാശം നിലനിർത്തിക്കൊണ്ട് കേസ് ഹൈക്കോടതി ഇന്ന് തീർപ്പാക്കിയിരിക്കുകയാണ്.

ആയതിനാൽ, സമഗ്രസർവേ നടത്താനാവില്ല എന്ന സർക്കാർതീരുമാനത്തെ എൻ.എസ്.എസ്. കോടതിയിൽ ചോദ്യംചെയ്യുന്നതാണ്.

പെരുന്ന
18.03.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി